


# ഉപഹാരം

(മലയാളം-ഈസ്റ്റ്മാൻകളർ)

(മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ "സമാപ്തി"യെ ആധാരമാക്കിയത്)

നിർമ്മാണം: താരാചന്ദ് ബർജാത്യ

സംവിധാനം: സുധേന്ദുറോയ്

സംഗീതം: ലക്ഷ്മീകാന്ത്-പ്യാരേലാൽ

RAJSHRI Release



രാജശ്രീ പ്രൊഡക്ഷൻസ് (P) ലിമിറ്റഡിന്റെ —

# ഉപഹാരം

(മലയാളം - ഈസ്റ്റ്മൻ കളർ)

(മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ "സമാപ്തി"യെ ആധാരമാക്കിയത്)

നിർമ്മാണം: താരാചന്ദ്ബർജാത്യ

സംവിധാനം: സുധേന്ദുറോയ്

സംഗീതം: ലക്ഷ്മികാന്ത് - പ്യാരേലാൽ

...അഭിനേതാക്കൾ...

ജയഭാദുരി, സ്വരൂപ്ദത്തു്, നാനാ പൽസികർ,

കാമിനീ കൌശൽ, ആരതി, ലീലാ മിശ്രാ,

നന്ദിതാ ഠാക്കുർ, സുരേഷ് ചത്‌വാൽ,

യൂനസ് പർവീസ്, ലതാ അറോറ,

ശൈലചതുർവ്വേദി, രമേശ് വർമ്മ,

മാസ്റ്റർ റിപ്പിൾ, etc.

# ഉപഹാരം

| | |
|---|---|
| മൂലകഥ | മഹാകവി രവിന്ദ്രനാഥ ടാഗോർ<br>(സമാപ്തി) |
| തിരക്കഥ | ഗോവിന്ദ് മുനിസ് |
| സംഭാഷണം | അഭയദേവ് |
| ഗാനങ്ങൾ | പി. ഭാസ്കരൻ |
| പിന്നണി | യേശുദാസ്, എസ്. ജാനകി |
| സംഗീതം | ലക്ഷ്മികാന്ത്- പ്യാരേലാൽ |
| ഛായാഗ്രഹണം | മദൻസിഹ്ന |
| ശബ്ദഗ്രഹണം | ജഗ്ഗു (സംഭാഷണം)<br>കണ്ണൻ (ഗാനങ്ങൾ) |
| കലാസംവിധാനം | ബാബുഭായ് |
| ചിത്രസംയോജനം | നാരായണൻ |
| ,, (സഹായി) | വെള്ളച്ചാമി |
| ലബോറട്ടറി | ഫിലിം സെൻറർ (ബോംബെ)<br>(ഈസ്റ്റ്മാൻ കളർ) |
| സ്റ്റുഡിയോ | രാജ്കമൽ (ബോംബെ) |
| സഹനിർമ്മാതാക്കൾ | കമൽകുമാർ ബർജാത്യാ<br>രാജ്കുമാർ ബർജാത്യാ<br>അജിത്കുമാർ ബർജാത്യാ |
| നിർമ്മാണം | താരാച്ചന്ദ് ബർജാത്യാ |
| സംവിധാനം | സുധേന്ദു റോയ് |
| വിതരണം | രാജ്ശ്രീ പിക്ചേഴ്സ് പ്രൈവററ് ലിമിററഡ് |

# ഉപഹാരം

ചിലപ്പോഠം യാദൃച്ഛികമായി കണ്ടു മുട്ടുന്ന ചിലരെ മറക്കാനാവാത്തവിധം അവർ നമ്മുടെ ഹൃദയത്തിൽ സ്ഥാനംപിടിക്കുന്നു. ഇതിൻെറ കാരണം സൗന്ദര്യമാണെന്നു പറഞ്ഞുകൂടാ. മറെറന്തോ ആണ്.

അങ്ങനെ ഒരനുഭവമാണ് മീനുവിനെ കണ്ടു കഴിഞ്ഞപ്പോഠം അനൂപിനുണ്ടായതു്. ഗ്രാമത്തിലെ സ്ത്രീകഠംക്കു് അവളെക്കുറിച്ചു പരാതികളേ പറയാനുണ്ടായിരുന്നുള്ളു. എങ്കിലും അവളുടെ ബാലചാപല്യങ്ങളും ചഞ്ചലപ്രകൃതിയും അനൂപിനെ ഹഠാദാകർഷിച്ചു. താൻ അവളെയല്ലാതെ മറെറാരു പെൺകുട്ടിയെ വിവാഹം കഴിക്കുകയില്ലെന്ന് അമ്മയോടു അവൻ തീർത്തു പറഞ്ഞു.

അമ്മ അനൂപിനു് ഒരു സമ്പന്ന കുടുംബത്തിലെ പെൺകുട്ടിയെ മുൻകൂട്ടി കണ്ടുവെച്ചിരുന്നതാണ്. മീനുവിനെക്കുറിച്ചു് അവർക്കറിയുകയും ചെയ്യാം. അതുകൊണ്ടു് അനൂപിൻെറ അമ്മ കഠിനമായി എതിർത്തു. എങ്കിലും പുത്രവാത്സല്യം അവരെ കീഴടക്കി. തന്നെയല്ല, മീനു കൊച്ചുകുട്ടിയാണ്. വിവാഹം കഴിഞ്ഞു വീട്ടിൽ വന്നാൽ അവളുടെ കുസൃതിത്തരമെല്ലാം മാറിക്കൊള്ളുമെന്നവർ വിശ്വസിക്കുകയും ചെയ്തു.

പക്ഷെ മീനുവിനെ നന്നാക്കിയെടുക്കുക സുസാദ്ധ്യമല്ലെന്നു വന്നു. കൂട്ടുകാരായ ആൺകുട്ടികളുമായി തമ്മിത്തല്ലിയും ആർത്തുതകർത്തും നടന്ന അവഠംക്കു് ഭർതൃഗൃഹത്തിൽ വന്നപ്പോഠം തൻെറ സർവ്വസ്വവും നഷ്ടപ്പെട്ടതായിട്ടാണ് തോന്നിയതു്. അവഠം ഒളിച്ചോടാൻ തുടങ്ങി. കണ്ണിൽ കണ്ടതെല്ലാം നശിപ്പിച്ചുതുടങ്ങി. 'നീയെന്നെ സ്നേഹിക്കുന്നില്ലേ' എന്നു ചോദിച്ച അനൂപിനോടു് 'ഇല്ല, ഒരിക്കലുമില്ല' എന്നു് തുറന്നുപറയാൻ ഒരു മടിയുമവഠംക്കു തോന്നിയില്ല.

ശാസിച്ചോ ബലംപ്രയോഗിച്ചോ അവളിൽനിന്നു് ഒന്നും സ്വീകരിക്കുകയില്ലെന്നു് അന്തൂപ്പ് വ്രതമെടുത്തിരുന്നു. സ്നേഹപൂർവ്വം, ആത്മാർത്ഥതയോടെ സമർപ്പിക്കപ്പെടുന്ന ഉപഹാരമേ തനിക്കു വേണ്ടൂ, എന്നയാൾ തീരുമാനിച്ചു. അതിനുവേണ്ടി കാത്തിരിക്കാനും അയാൾ തയ്യാറായിരുന്നു.

പക്ഷെ അവൻെറ അമ്മയുടെ ആത്മവിശ്വാസം നശിച്ചു. അതിനാൽ അന്തൂപ്പ് ലോകോളേജിൽചേരാൻ കൽക്കത്തയിലേക്കു പോകുമ്പോൾ മരുമകളെ കൂടെ താമസിപ്പിക്കാൻ അവർ വിസമ്മതിച്ചു. അന്തൂപ്പ് ഒന്നിച്ചു് കൽക്കത്തയിലേക്കു പോകാൻ അവൾ തയ്യാറായിരുന്നുമില്ല

ഗത്യന്തരമില്ലാതെ അന്തൂപ്പ് അവളെ അവളുടെ അമ്മയുടെ വീട്ടിൽ കൊണ്ടുചെന്നാക്കി. തൻെറ വീട്ടുപടിക്കൽ ചെന്ന മീനു അന്തൂപ്പിനെ ഉള്ളിലേക്കു വിളിക്കാതെയും തിരിഞ്ഞുപോലുംനോക്കാതെയും കയറിപ്പോയി.

അപമാനിതനും വ്യഥിതനുമായ അന്തൂപ്പ് അല്പനേരം അവിടെ നിന്നിട്ടു മടങ്ങിപ്പോന്നു. മീനു തിരിയെ വന്നുനോക്കിയപ്പോൾ അന്തൂപ്പ് വളരെ അകലെയായിക്കഴിഞ്ഞിരുന്നു. അയാളെ വിളിക്കാൻപോലും കഴിഞ്ഞില്ല. പെട്ടെന്ന് വീടും ഗ്രാമവും ലോകം മുഴുവനും ഇരുൾ മൂടിയതായി അവൾക്കുതോന്നി.

ഈ ഇരുട്ടിൽനിന്നും അവൾ എങ്ങനെ മോചനം നേടി? അന്തൂപ്പിനു് അവനാഗ്രഹിച്ച ഉപഹാരം ലഭിച്ചുവോ?

## ഗാനം 1

എഴുതിയതു്:
**പി. ഭാസ്കരൻ**

പാടിയതു്
**എസ്. ജാനകി**

തത്തമ്മപ്പെണ്ണേ തത്തമ്മേ
തത്തമ്മപ്പെണ്ണേ മയിലാഞ്ചി—മയിലാഞ്ചിപ്പൂ
പൂമുടിയിൽ ചൂട്ട നല്ല കല്യാണപ്പൂ...കല്യാണപ്പൂ
പാടുമ്പോഴം കളിയായ് പാടുമ്പോഴം
പാടുമ്പോഴം കളിയിൽ കലരുമ്പോഴം - കിളിയേ പാടൂ
പൂമുടിയിൽ ചൂട്ട നല്ല കല്യാണപ്പൂ - കല്യാണപ്പൂ...

(തത്തമ്മ...

കുളിരാലെ മൂടും കണ്ണിൻ കണി നീ
മണിവീണ മീട്ടി സഖീ നീ ഗാനം...സഖീ
കല്യാണക്കാരൻ കണ്ടാലോ
കളിയാട്ടക്കാരൻ ചുണ്ടാകെ - വെൺതുമ്പപ്പൂ
പൂമുടിയിൽ ചൂട്ട നല്ല കല്യാണപ്പൂ — കല്യാണപ്പൂ...

(തത്തമ്മ...

ഉല്ലാസം കൊണ്ടു...കല്യാണവീടാകെ
നിന്മാരൻ തേടുന്നു നിന്നെ പെണ്ണേ - തോഴീ
പൂമാരി ചൊരിയൂ പൂമാരി
പൂമാരി ചൊരിയൂ പൂക്കാരി - താളംകൊട്ടൂ...
പൂമുടിയിൽ ചൂട്ട നല്ല കല്യാണപ്പൂ...കല്യാണപ്പൂ...

(തത്തമ്മ...

കഥ പറയൂ പാവേ ചാഞ്ചാടി നീയാടി
പ്രേമത്തിൻ വാനിൽ ചാഞ്ചാടിയാടി - വരൂ
മന്മഥനേ വരൂ നീ മന്മഥനേ
മന്മഥനേ വരൂ നീ സഖി നോക്കൂ - ചൂടുന്നു പൂ
പൂമുടിയിൽ ചൂട്ട നല്ല കല്യാണപ്പൂ. - കല്യാണപ്പൂ.

(തത്തമ്മ...

## ഗാനം 2

എഴുതിയതു്; | പാടിയതു്;
**പി. ഭാസ്കരൻ** | **യേശുദാസ്**

ചഞ്ചലമൊഴുകി ജീവിതധാരാ...
പാടി - തെന്നൽ തുഴച്ചിൽക്കാരാ
അരുമക്കിളി നീ കൂടുമാറി തേടുന്നതാരേ...
മൃദുലസമീര സംയോഗേ ഗമിക്കുന്ന നൌക...
(പാടി....)

അലകൾ തോണി മെല്ലെത്തള്ളി.
ഇളകും തോണി മെല്ലെത്തുള്ളി.
ഒഹോ....ഓടുന്ന തോണിയിൽ ചാർത്തിടുന്നു
തരംഗങ്ങൾ മാലാ... (പാടി....)

ജീവൻ മധുപൻ ധരയാകവേ...
നറുംതേൻ നുകരാൻ ചലിച്ചീടവേ...
ഓഹാ...കളയൂ സഖി നീ അല്ലലാകെ
അലകൾ ഊഞ്ഞാലായ്- (പാടി...)
നൌകതള്ളുന്ന - ഹാ പ്രേമമില്ലേ...
നേരേ രാഗാരാമമില്ലേ...
ഒഹോ..മൃദുലസമീര മധുരധാരാ
ഈ രാഗമാലാ- (പാടി...)

## ഗാനം 3

എഴുതിയത്: പാടിയത്:
**പി. ഭാസ്കരൻ** **യേശുദാസ്**

മാനത്തേ രാജാവ് ഊഴിതൻ റാണിയേ
പ്രേമലഹരിയിൽ തഴുകിയ സുന്ദര
പ്രേമകഥ നീയ്യോ... (മാനത്തെ)

ഞാൻ ഓതിടും പ്രേമവാണീ
ഈ പീയൂഷധാര ചാറീ
കവി ഞാൻ പാടീ, പാടീ തേടീ
ഏകനായ് നിന്നെ.., (മാനത്തെ)

മനമിതാ, സുഖ മധുബിന്ദു ചാറീ
പുളവുക മാധുരി നീളെ ആശേ...
ആശാസുമമേ മൂടി നിൻ സൌ-
രഭമീ പാരാകെ... (മാനത്തെ)

പ്രേമമാധുരീ ലഹരികളാലെ
വാനിതിൽ നീളെയവർ കളിയാടി
ഹേ കുളിർ കാറേ, ഈ ശുഭഗാനം
മുകവാനാകെ... [മാനത്തെ]

## ഗാനം 4

എഴുതിയതു്:
**പി. ഭാസ്ക്കരൻ**

പാടിയതു്:
**എസ്സ്. ജാനകി**

പിരിഞ്ഞുപോയ് സഖീ നിൻെറ പ്രിയതമൻ ദൂരെ
ശൂന്യം തവവീഥി- ശൂന്യമായ്ഭൂമി...

[പിരിഞ്ഞു]

സ്വപ്നത്തിൻ ആരാമത്തിൽ സഖീ നിന്നെത്തേടീ
വന്നുപോയ് വസന്തങ്ങൾ ചെന്നില്ല നീമാത്രം...
കഴിഞ്ഞുപോയ് സഖി നിൻെറ പ്രണയവസന്തം

[ശൂന്യം...]

അറിവീല പൂത്തുനിൽക്കും അനുരാഗ മലരാൽ
ജീവേശാ നിൻ പാദത്തിൽ പൂജാവിധി ചെയ്യുവാൻ
അകന്നുപോയ് സഖീ നിൻെറ ഹൃദയേശനകലെ..

[ശൂന്യം...]

സങ്കല്പതീരം വിജനം.., വിഫലം നിൻമോഹം
വാടുന്ന പൂവാടി തൻ വാസന്തിപ്പൂക്കൾ
കഴിഞ്ഞു. നിൻ ആരാധന... പൊലിഞ്ഞു നിൻ ദീപം

[ശൂന്യം...]

## ഞങ്ങളുടെ പുതിയ മലയാള ചിത്രങ്ങൾ

ശ്രീകാന്ത് പ്രൊഡക്ഷൻസ്

**പ്രൊഡക്‌ഷൻ നമ്പർ 7**

ശാരദ, മധു, ശങ്കരാടി, *etc.*

സംവിധാനം ; പി. ഭാസ്കരൻ

സുപ്രിയായുടെ

**നഖങ്ങൾ** (കളർ)

മധു, കെ. ആർ. വിജയ, ജയഭാരതി *etc.*

സംവിധാനം : വിൻസന്റ്

... ... ... ... ... **HINDI** ... ... ... ...

Rajshri Productions

**PIYA KA GHAR** (Colour)

Jayabhaduri - Anil Dhavan etc.

Music : Laxmikant Pyarelal.

Rajshri Productions

**MERE BHAIYA** (Colour)

Vijay Arora, Nazima etc.

Music : Salil Chowdhury

Rajshri Productions

**HONEY MOON** (Colour)

Music : Usha Khanna

Prasad Productions Present

**SHAADI KE BAAD** (Colour)

Jitendra, Rakhee, Shatrughan Sinha etc.

Music : Laxmikant Pyarelal.

**Rajshri Pictures Private Ltd.**

Ernakulam, Trivandrum, Calicut.



Chandralekha Printers, Cochin-18